(ബി) ഉണ്ട്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(സി) എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർ മാർക്കും സ്ഥാപന മേധാവികൾക്കും ഗവണ്മെന്റ് ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന IMEP (ഇൻഫക്ഷൻ മാനേജ്മെന്റ് ആന്റ് എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ) അനുസരിച്ചുള്ള പരിശീലനങ്ങൾ റീജണൽ ലെവലിൽ നല്കിയിട്ടുണ്ട്. NABH, KASH അക്രഡിറ്റേഷൻ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ജീവനക്കാർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ഇതുകൂടാതെ സ്ഥാപന മേധാവികൾ ആശുപത്രികളിൽ അണു വിമുക്തമാക്കിയ ശസ്ത്രക്രിയാ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനായി ആരോഗ്യവകുപ്പിൽ നിലവിൽ നിയമമൊന്നുമില്ല ആയതിനാൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ അണുവിമുക്തമാക്കണമെന്ന നിർദ്ദേശം നല്കിയിട്ടില്ല.

രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി

91 (2642) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധരോഗങ്ങളുടെ നിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആധുനിക നിലവാരത്തോടെയുള്ള ഒരു ലബോറട്ടറി സൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ വിവിധ ആശുപത്രികളോട് അനുബന്ധമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ കൂടാതെ ആരോഗ്യവകുപ്പിന്റെ കീഴിൽ ആറ് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആന്റ് ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം; റീജിയണൽ പി.എച്ച്. ലബോറട്ടറികൾ എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലുമായി പ്രവർത്തിക്കുന്നു. വിദഗ്ധ പരിശോധന ആവശ്യമായി വരുമ്പോൾ ആരോഗ്യ വകുപ്പിന്റെ ലബോറട്ടറികൾക്കു പുറമെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ലബോറട്ടറികളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേലധികാരിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (പൂന)യുടെ ആലപ്പുഴ ജില്ലയിലെ ബ്രാഞ്ച് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി തിരുവനന്തപുരം, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (കെ.എം.സി. മണിപ്പാൽ) നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ലബോറട്ടറി (എൻ.സി.ഡി.സി) ഡൽഹി തുടങ്ങിയവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു.

(ബി) നിലവിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം സംസ്ഥാനത്ത് ആധുനിക നിലവാരത്തോടെയുള്ള ലബോറട്ടറി കളിൽ ഒന്നാണ്.

(സി) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിൽ ഒമ്പത് ടെക്നിക്കൽ സെക്ഷനുകളും ഒരു അക്കാഡമിക് സെക്ഷനും കൂടാതെ ഒരു ഐ.സി.റ്റി.സി. സെക്ഷനും പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കാവശ്യമായ ഏകദേശം എല്ലാവിധ പരിശോധനകളും ഇവിടെ ചെയ്യുന്നുണ്ട്.

എല്ലാവിധ ഹെമറ്റോളജി, ക്ലിനിക്കൽ പാത്തോളജി, ബയോകെമിസ്ട്രി, സിറോളജി, ബാക്ടീരിയോളജി, സൈറ്റോളജി ടെസ്റ്റുകൾ സ്ഥിരമായി ചെയ്യുകയും റിസൾട്ട് നല്കുകയും ചെയ്യുന്നു. സെൻട്രൽ മലേറിയ ലാബിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള മലേറിയ സ്ലൈഡുകൾ കൺഫർമേഷനും ക്രോസ് ചെക്കിംഗും നടത്തി റിപ്പോർട്ട് നൽകിവരുന്നു. റേഡിയോ ഇമ്മ്യൂണോ അസൈ സെക്ഷനിൽ തൈറോയ്ഡ് ഫങ്ഷൻ ടെസ്റ്റുകൾ നടത്തി റിസൾട്ട് നല്കാറുണ്ട്.

കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആദ്യത്തെ മോളിക്കുലാർ ഡയഗ്നോസിസ് (പി.സി.ആർ) വിഭാഗം 2014 ഏപ്രിൽ മുതൽ ഈ സ്ഥാപനത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. സാധാരണ ലബോറട്ടറി ടെസ്റ്റുകൾ മുഖാന്തരം രോഗ നിർണ്ണയം ബുദ്ധിമുട്ടാകുന്ന അവസരങ്ങളിലാണ്

പി.സി.ആർ ടെസ്റ്റുകളെ അവലംബിക്കുന്നത്. ചില പ്രത്യേകതരം വൈറൽ രോഗങ്ങൾ, ചില പ്രത്യേകതരം ടി.ബി., ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി എന്നീ രോഗങ്ങളുടെ ചികിത്സ ഫലപ്രദമാകുന്നുണ്ടോ എന്നറിയാനുള്ള ടെസ്റ്റുകൾ പി.സി.ആർ. വഴി ചെയ്യുന്നുണ്ട്.

നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ അപ്പക്സ് റഫറൽ ലബോറട്ടറി എന്ന നിലയിൽ ഡെങ്കിപ്പനി, ചിക്കൻ ഗുനിയ എന്നീ രോഗങ്ങളുടെ വൈറൽ ടൈപ്പിംഗ് ചെയ്ത് നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന് ലഭ്യമാക്കുന്നുണ്ട്.

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾ

92 (2643) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ലോകാരോഗ്യ സംഘടന പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ലോകാരോഗ്യ സംഘടന ആരോഗ്യ വകുപ്പിന് പുതിയ നിർദ്ദേശങ്ങൾ ഒന്നും നല്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

ടെയിനുകളിൽ വിതരണം ചെയ്യുന്ന ക്ഷേണ പദാർത്ഥങ്ങളുടെ ഗുണനിലവാരം

93 (2644) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly